**കേരള സർക്കാർ**

WP(C)No. 14714/2014 എന്ന കേസിന്റെ 08.11.2016 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം- ശ്രീ.ഇ.മുരളീധരന് പെൻഷൻ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഉ. (സാധാ) നം. **7767**/17/ധന തിരുവനന്തപുരം, തീയതി : **16/10/2017**

---

പരാമർശം :. (1). 26.08.2009 ലെ ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ കത്ത് നമ്പർ A5-59138 / 2009

(2). 09.08.2012 ലെ സ.ഉ. (പി) 447/2012 /ധന.

(3). WP(C)No. 14714/2014 എന്ന കേസിന്റെ 08.11.2016 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.

(4). C.C.(C) No.683/17/X1 എന്ന കേസിന്റെ 19.09.2017 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.

## ഉത്തരവ്

പരാമർശം **(2)** ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ച സാഹചര്യത്തിൽ 28.02.2003 ന് ഹൈക്കോടതിയിൽ നിന്നും ഫിനാൻസ് ഓഫീസറായി വിരമിച്ച ശ്രീ. ഇ. മുരളീധരന് വൺ റാങ്ക് വൺ പെൻഷൻ പദ്ധതി പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാറിന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പരിഷ്കരിച്ച് നൽകണമെന്ന് കാണിച്ച് അക്കൗണ്ടന്റ് ജനറലിന് അപേക്ഷ നൽകുകയും അസിസ്റ്റന്റ് രജിസ്ട്രാറിന്റെ പദവിയിൽ വിരമിച്ച ശ്രീ. ഇ. മുരളീധരന് ഡെപ്യൂട്ടി രജിസ്ട്രാറിന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ നൽകുവാൻ കഴിയില്ലായെന്ന് കാണിച്ച് ടിയാന്റെ അപേക്ഷ നിരസിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ശ്രീ. ഇ. മുരളീധരൻ ബഹു.ഹൈക്കോടതിയിൽ WP(C)No. 14714/2014

ഫയൽ ചെയ്തു. പ്രസ്തുത കേസിലെ 08.11.2016 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഉത്തരവ് തീയതി മുതൽ നാല് മാസത്തിനകം പുനർനിർണ്ണയിച്ച് നൽകുവാൻ ഉത്തരവായിരിന്നു.

2. ഹൈക്കോടതിയുടെ സർവീസ് റൂൾസ് -1997 പ്രകാരം (റദ്ദാക്കപ്പെട്ടത്) സ്ഥാനക്കയറ്റം ,ബൈ ട്രാൻസ്ഫർ അല്ലെങ്കിൽ നേരിട്ടുള്ള നിയമനം എന്നിവ വഴിയാണ് ധനകാര്യ ഓഫീസറെ നിയമിക്കുന്നത്. ശ്രീ. ഇ. മുരളീധരൻ, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ് ) സ്ഥാനത്തുനിന്ന് ഫിനാൻസ് ഓഫീസറായി സ്ഥാനമേറ്റയാളാണ്. ടിയാന് സ്ഥാനക്കയറ്റം കിട്ടിയ സമയത്ത് ഫിനാൻസ് ഓഫീസറുടെ തസ്തിക അസിസ്റ്റന്റ് രജിസ്ട്രാർക്ക് തുല്യമായിരുന്നു.

3. ഹൈക്കോടതി സേവന നിയമങ്ങൾ – 2007, പ്രകാരം ഫിനാൻസ് ഓഫീസറെ നിയമിക്കൽ രീതി അസിസ്റ്റന്റ് രജിസ്ട്രാർ (എച്ച്ജി), സെക്ഷൻ ഓഫീസർ (എച്ച്ജി) എന്നിവയിൽ നിന്ന് സ്ഥാനക്കയറ്റം ,ബൈ ട്രാൻസ്ഫർ എന്നിവ വഴിയാക്കി. 23.12.2009 ലെ സ.ഉ.(പി) നം 210/2009 / ആഭ്യന്തരം പ്രകാരം ഫിനാൻസ് ഓഫീസർ തസ്തിക അസിസ്റ്റന്റ് രജിസ്ട്രാർ പദവിയിൽ നിന്നും ഡെപ്യൂട്ടി രജിസ്ട്രാറിന്റെ പദവിയിലേക്ക് നിശ്ചയിച്ച ഉത്തരവായിരുന്നു. ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ പരാമർശ കത്തിൽ സൂചിപ്പിച്ച വസ്തുതകൾ പരിഗണിച്ചും ഭരണപരമായ ആവശ്യം മുൻനിർത്തിയുമാണ് പോസ്റ്റ് അപ്ഗ്രേഡ് ചെയ്തത്. ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം തുല്യമല്ല. അതിനാൽ ഫിനാൻസ് ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനു മുമ്പ് പ്രസ്തുത തസ്തികയ്ക്ക് ബാധകമായ ആനുകൂല്യങ്ങൾക്ക് മാത്രമാണ് ശ്രീ. ഇ. മുരളീധരന് അർഹത. ജോലിഭാരം, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ കണക്കിലെടുത്ത്, സേവന നിബന്ധനകൾക്ക് വിധേയമായിട്ടുള്ള മാറ്റങ്ങൾ അനുസരിച്ച് മുൻപ് വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചാൽ അത് ഒരു മോശം കീഴ് വഴക്കവും സർക്കാറിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കാനിടയാക്കുകയും ചെയ്യും.

4. പരാമർശം (4) പ്രകാരം ശ്രീ. ഇ. മുരളീധരൻ ഫയൽ ചെയ്ത കോടതി അലക്ഷ്യ കേസ്

ബഹു. ഹൈക്കോടതിയുടെ പരിഗണനക്ക് വരുന്നതിനാൽ കോടതി അലക്ഷ്യ നടപടികൾ ഒഴിവാക്കാനായി ശ്രീ.ഇ മുരളീധരന് ഡെപ്യൂട്ടി രജിസ്ട്രാറിന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ ഒരു പ്രത്യേക കേസായി പരിഗണിച്ച് മറ്റൊന്നിനും കീഴ് വഴക്കമാകില്ലായെന്ന വ്യവസ്ഥയിൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.ഷർമ്മിള മേരി ജോസഫ് IAS**
**എക്സ്പെൻഡീച്ചർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
(ആമുഖകത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ,എറണാകുളം (ആമുഖകത്ത് സഹിതം)
ഹൈക്കോടതി രജിസ്ട്രാർ ജനറൽ (ആമുഖകത്ത് സഹിതം)
ശ്രീ.ഇ.മുരളീധരൻ,ഇരിമ്പനത്ത് പറമ്പിൽ (ഹൗസ്) ഇരിമ്പനം (പി.ഒ) എറണാകുളം
പിൻ-682309.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**